## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3802** **25.06.2013 ലെ മറുപടിയ്ക്ക്**

### വാഹന നികുതിയിനത്തിൽ ഖജനാവിലേക്ക് പിരിഞ്ഞുകിട്ടാനുള്ള തുക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി. ഉബൈദുള്ള** | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നിന്നും വാഹന നികുതിയിനത്തിൽ ഖജനാവിലേക്ക് എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്;

(എ) സംസ്ഥാന മോട്ടോർ വാഹന വകുപ്പിൽ നിന്നും വാഹന നികുതിയിനത്തിൽ ഖജനാവിലേക്ക് 31-12-2012 വരെ 715,39,36,289/- രൂപ പിരിഞ്ഞുകിട്ടുവാനുണ്ട്.

(ബി) കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ വിശദീകരിക്കാമോ;

(ബി)

| വർഷം | പിരിഞ്ഞുകിട്ടുവാനുള്ള തുക |
|---|---|
| 31-03-2008 വരെ | 31,66,60,176/- രൂപ |
| 2008-09 | 85,29,40,867/- രൂപ |
| 2009-10 | 124,14,14,029/- രൂപ |
| 2010-11 | 168,63,98,083/- രൂപ |
| 2011-12 | 186,64,33,053/- രൂപ |
| **ആകെ** | **596,38,46,208/- രൂപ** |

(സി) വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി) നികുതി പിരിവ് കാര്യക്ഷമമായി നടത്തുന്നതിന് വേണ്ടി സംസ്ഥാനത്തെ എല്ലാ റീജിയണൽ/ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ബുധനാഴ്ച നികുതി സംബന്ധമായ പ്രവൃത്തികൾ നടത്തുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ നികുതി പിരിവിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ പുതിയ എൻഫോഴ്സ്മെന്റ് വിഭാഗം നിലവിൽ വന്നതിന്റെ ഫലമായി വാഹനങ്ങൾ പരിശോധിക്കുന്നതിനും ടാക്സ് ഈടാക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുന്നുണ്ട്. ഇ-പേയ്മെന്റ് സംവിധാനം വകുപ്പിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് വാഹന നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വളരെയധികം പ്രയോജനകരമാണ്.

സെക്ഷൻ ഓഫീസർ.